"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീമതി. അശ്വതി പി.എൻ., ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, കാസർഗോഡ് എന്നവരെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1378/2023/LSGD തീയതി,തിരുവനന്തപുരം, 05-07-2023

---

പരാമർശം:- 1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ

2. 28/11/203 തീയതിയിലെ സ.ഉ.(പി) നം.580/2013/ധന

3. 28/04/2023 ലെ ഐ.എ.1/138/2023/തസ്വഭവ നം. സർക്കാർ കത്ത്.

4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11/05/2023 തീയതിയിലെ 11003/ഇ1/2022/കെ.എസ്.എച്ച്.ഒ.നം. കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിലും, വിവിധ ജില്ലാ മിഷനുകളിലുമുള്ള ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ 26500-60700 ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ച് കുടുംബശ്രീ വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അഭിമുഖ പാനൽ മുഖാന്തരം തിരഞ്ഞെടുക്കപ്പെട്ടവരുടെ പട്ടിക പരാമർശം (3) പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം ശ്രീമതി. അശ്വതി പി.എൻ., ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, കാസർഗോഡ് എന്നവരെ കുടുംബശ്രീ വയനാട് ജില്ലാ മിഷനിൽ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. അശ്വതി പി.എൻ., ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, കാസർഗോഡ് എന്നവരെ കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി കുടുംബശ്രീ വയനാട് ജില്ലാ മിഷനിലെ ഓഫീസ് സെക്രട്ടേറിയൽ സ്റ്റാഫ് തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJESH K R

അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീമതി. അശ്വതി പി.എൻ., ക്ലർക്ക്, ജില്ലാ പോലീസ് ഓഫീസ്, കാസർഗോഡ് (ജില്ലാ പോലീസ് മേധാവി, കാസർഗോഡ് മുഖാന്തരം)
ജില്ലാ പോലീസ് മേധാവി, കാസർഗോഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ./ജി&എസ്.എസ്.എ.) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/235/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 06-07-2023 10:31:23